പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -88 09-03-2015-ൽ മറുപടിയ്ക്ക്

# മദ്യനയം

**ചോദ്യം:** **ഉത്തരം:**

ഡോ. ടി.. എം. തോമസ് ഐസക്ക്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. കെ. കെ. നാരായണൻ
ശ്രീ. കെ.വി. വിജയദാസ്

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മദ്യനയത്തിനും അതേ തുടർന്നുള്ള നടപടികൾക്കും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടു കൂടിയെടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനം എത്രത്തോളം ഉണ്ടായിരുന്നു ; | (എ) | സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മദ്യനയവും അതെ തുടർന്നുള്ള നടപടികളും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടു കൂടിയെടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. |
| (ബി) | തീരുമാനങ്ങളിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളവ എന്തൊക്കെയാണ്; ഏതെല്ലാം സംഗതികളിൽ ഏതെല്ലാം കോടതികളിൽ നിന്ന് എന്തെല്ലാം നിലയിലുള്ള വിധി പ്രസ്താവങ്ങൾ തന്നാണ്ടിലെ മദ്യനയ പ്രഖ്യാപനത്തെ തുടർന്നുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 22.08.2014-ലെ ജി. ഒ (എംഎസ്) 139/2014/നി.വ പ്രകാരം ഫൈവ് സ്റ്റാർ ഒഴികെയുള്ള എല്ലാ ഹോട്ടലുകളുടെയും ബാർ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് തീരുമാനിക്കുകയും ഇതിനെതിരെ ബഹു: ഹൈക്കോടതി മുൻപാകെ WA No.1195/2014 തുടങ്ങിയ കേസുകൾ ഫയൽ ചെയ്തെങ്കിലും പരാതിക്കാർക്ക് ഇടക്കാല ആശ്വാസം നൽകുന്നത് ബഹു: ഹൈക്കോടതി നിരസിക്കുകയാണുണ്ടായത്. തുടർന്ന് ബഹു: സുപ്രീംകോടതി മുൻപാകെ പരാതിക്കാർ S.L.P 594-596/2014 തുടങ്ങിയ കേസുകൾ ഫയൽ ചെയ്തതിൽ 30.10.2014-ന് മുൻപ് ബഹു: ഹൈക്കോടതി മേൽ കേസുകളിന്മേൽ വിധിന്യായം പുറപ്പെടുവിക്കുന്നത് വരെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് സ്റ്റേ ചെയ്യുകയും ചെയ്തു. 30.10.2014 ൽ ബഹു. |

| | | | |
|---|---|---|---|
| | | | ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് പ്രകാരം 2014-15 ലെ സർക്കാരിന്റെ മദ്യനയം 2 സ്റ്റാർ, 3 സ്റ്റാർ ഹോട്ടലുകളും, സ്റ്റാർ നില വാരമില്ലാത്തതുമായ ഹോട്ടലുകളും ചോദ്യം ചെയ്തത് നിലനിൽക്കുന്നതല്ല എന്ന് കണ്ട് അവരുടെ ഹർജികൾ ഡിസ്മിസ് ചെയ്യുകയും 4 സ്റ്റാർ വിഭാഗത്തിനും, ഹെറിറ്റേജ് വിഭാഗ ത്തിലെ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നതാണെന്ന സർക്കാർ തീരുമാനം അസ്ഥിരപ്പെടുത്തി കൊണ്ടും മറ്റെല്ലാതരത്തിലും 2014-15 ലെ മദ്യനയം നിലനിൽക്കുന്നതാണെന്നും കോടതി ഉത്തരവായിരുന്നു. എന്നാൽ ബഹു:ഹൈക്കോ ടതിയുടെ ഡിവിഷൻ ബഞ്ച് 31.10.2014-ലെ ഇടക്കാല ഉത്തരവിലൂടെ മേൽ വിഷയത്തിൽ 29.10.2014-ലെ തത്സ്ഥിതി തുടരുന്നതിനായി ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ ആദ്യം പ്രഖ്യാപിച്ച നയത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും പിന്നീട് ഏതെ ല്ലാം നിലയിലുള്ള ഭേദഗതികളോ, മാറ്റങ്ങളോ വരുത്തുകയുണ്ടായി; | (സി) | ബഹു: ഹൈക്കോടതിയുടെ നിരീക്ഷണങ്ങ ളുടെയും, ടൂറിസം മേഖലയിലും, തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പ്രശ്ന ങ്ങളും കണക്കിലെടുത്ത് 22.08.2014-ൽ പുറപ്പെ ടുവിച്ച അബ്കാരി നയത്തിൽ ആവശ്യമായ മാറ്റം വരുത്തികൊണ്ട്, 31-03-2014ൽ പ്രവർത്തി ച്ചിരുന്ന ഹൈജീനിക് ആയിട്ടുള്ള ബാർ ഹോട്ടലുകൾക്ക് അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകണമെന്ന വ്യവസ്ഥയിൽ ബിയർ/വൈൻ പാർലർ ലൈസ ൻസുകൾ നൽകാൻ 20.12.2014-ലെ ജി.ഒ (എം.എസ്) 205/2014/ നി.വ പ്രകാരം ഉത്തര വാകുകയും, ഡ്രൈഡേ പിൻവലിക്കുകയും, ബാർ പ്രവർത്തന സമയം വെട്ടികുറയ്ക്കു കയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർ തീരുമാനങ്ങളോട് സർക്കാരിലുള്ള ഏതെങ്കിലും മന്ത്രിമാർ ഫയലിൽ, വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഫയലിൽ ഏത് തീരുമാന ത്തോടാണെന്ന് വെളിപ്പെടുത്താമോ ? | (ഡി) | സർക്കാർ കൈക്കൊള്ളുന്ന എല്ലാ തീരുമാന ങ്ങളും, നടപടികളും മന്ത്രിസഭയുടെ കൂട്ടു ത്തരവാദിത്വത്തോടും തീരുമാനത്തോടും കൂടി മാത്രമാണ് എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ